## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1629** — **08.06.2018- ൽ മറുപടിയ്ക്ക്**

### ഇതരസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പഴം, പച്ചക്കറികളിലെ കീടനാശിനി സാന്നിദ്ധ്യം

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) ഇതരസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പഴം, പച്ചക്കറികളിൽ കീടനാശിനിയുടെയും മറ്റും സാന്നിദ്ധ്യം ഉണ്ടോയെന്ന് പരിശോധിക്കുന്നതിന് നിലവിൽ എന്തൊക്കെ സംവിധാനങ്ങളാണ് അതിർത്തികളിലെ ചെക്ക് പോസ്റ്റുകളിൽ സ്വീകരിച്ചിട്ടുള്ളത്; ഇതിനായുള്ള പരിശോധനാ ലാബുകൾ ഏതൊക്കെ ചെക്ക് പോസ്റ്റുകളിലാണ് സജ്ജമാക്കിയിട്ടുള്ളത്; | (എ) ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പഴവർഗ്ഗങ്ങളിലും പച്ചക്കറികളിലും കീടനാശിനികളുടെ സാന്നിദ്ധ്യം ക്രമാതീതമായ തോതിൽ കണ്ടെത്തിയത് സംബന്ധിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഇത് നിയന്ത്രിക്കുന്നതിനും പരിശോധിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന കൃഷി വകുപ്പ് സേഫ് റ്റു ഈറ്റ് എന്ന പദ്ധതി ഘടകം പ്രകാരം വെള്ളായണി കാർഷിക കോളേജിലെ "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന" ലാബിൽ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ടി ലാബിൽ പരിശോധിക്കുകയും പരിശോധന ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നു. മൂന്ന് മാസത്തിലൊരിക്കൽ ഇപ്രകാരം ഫലം പ്രസിദ്ധീകരിക്കുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ വഴി ഇത്തരം അന്യ സംസ്ഥാന വിഷലിപ്ത പച്ചക്കറികളുടെ ഉപയോഗത്തിന് ഒരു പരിധി വരെ നിയന്ത്രണം ഏർപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | എന്നാൽ ചെക്ക്പോസ്റ്റുകളിൽ ഇതിനുള്ള സംവിധാനവും ലാബുകളും സജ്ജമാക്കേണ്ടത് ഫുഡ് സേഫ്റ്റി വിഭാഗമാണ്. |
| (ബി) | ഇത്തരം പരിശോധനകളെത്തുടർന്ന് എവിടെയെങ്കിലും കേസ് എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ചെക്ക് പോസ്റ്റുകളിൽ, എത്ര കേസ് വീതം എടുത്തു എന്ന് പറയാമോ; | (ബി) | കേസുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള അംഗീകാരം ഫുഡ് സേഫ്റ്റി കമ്മീഷണർക്കാണ്. |
| (സി) | വിഷരഹിത പച്ചക്കറികളും ഫലവർഗ്ഗങ്ങളും സംസ്ഥാനത്ത് എത്തിക്കുന്നതിന് മറ്റെന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | കേരളത്തിൽ ഹോർട്ടികോർപ്പ് വഴി സംഭരിക്കുന്ന പച്ചക്കറികളും പഴവർഗ്ഗങ്ങളും സുരക്ഷിതമാണ്. കൂടാതെ സംസ്ഥാന കൃഷി വകുപ്പ് സേഫ് റ്റു ഈറ്റ് എന്ന പദ്ധതി ഘടകം പ്രകാരം വെള്ളായണി കാർഷിക കോളേജിലെ "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന" ലാബിൽ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ടി ലാബിൽ പരിശോധിക്കുകയും പരിശോധന ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷിവകുപ്പിന്റെയും വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നു. മൂന്ന് മാസത്തിലൊരിക്കൽ ഇപ്രകാരം ഫലം പ്രസിദ്ധീകരിക്കുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ വഴി ഇത്തരം അന്യ സംസ്ഥാന വിഷലിപ്ത പച്ചക്കറികളുടെ ഉപയോഗത്തിന് ഒരു പരിധി വരെ നിയന്ത്രണം ഏർപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**